## നിയമനിർമ്മാണകാര്യം

1. 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അങ്ങേയ്ക്ക് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ അവതരിപ്പിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കാപ്പെക്സിന്റെ കീഴിലുള്ള പത്ത് കശുവണ്ടി ഫാക്ടറികൾ ഉടമസ്ഥർക്കുതന്നെ വിട്ടുകൊടുക്കണമെന്നുള്ള സുപ്രീം കോടതിയുടെ വിധിയാണ് ഈ ബില്ലിന് ആധാരമായിരിക്കുന്നത്. സർക്കാർ പത്ത് ഫാക്ടറികൾ ഏറ്റെടുത്തെങ്കിലും അതിൽ എട്ട് ഫാക്ടറി ഉടമകളും നഷ്ടപരിഹാരം വാങ്ങി പോയി. ഒരു ഫാക്ടറി ഉടമ എതിർപ്പോടെ നഷ്ടപരിഹാരം സ്വീകരിച്ചു. ഒരു ഫാക്ടറി ഉടമ നഷ്ടപരിഹാരം സ്വീകരിച്ചില്ല. ഇദ്ദേഹം സുപ്രീംകോടതിയിൽ കൊടുത്ത കേസ്സിന്റെ അടിസ്ഥാനത്തിലാണ് കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി നിയമത്തിലെ 6-ാം വകുപ്പ് റദ്ദുചെയ്യുകയും ഉത്തരവ് തീയതി മുതൽ എട്ട് ആഴ്ചയ്ക്കുള്ളിൽ കാപ്പെക്സിന്റെ കീഴിലുള്ള പത്ത് ഫാക്ടറികളും ഉടമകൾക്ക് വിട്ടുനൽകാൻ ഓർഡറായിരിക്കുന്നത്. അത് മറികടക്കാൻ വേണ്ടിയാണ് ഈ നിയമത്തിലെ അപാകത തീർത്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരുന്നത്. ഒരു സമയത്ത് കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടന്നപ്പോൾ തൊഴിലാളികളെ രക്ഷിക്കാനും വ്യവസായത്തെ നിലനിർത്താനുമാണ് 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) നിയമം ഭേദഗതി ചെയ്തത്. പിന്നീട് അതിന് പല ഭേദഗതികളും വന്നു. അതിന്റെ അപാകതകൾ മുഴുവൻ പരിഹരിച്ചു. പക്ഷേ ഈ വിധിവന്ന സാഹചര്യത്തിൽ

കശുവണ്ടി ഫാക്ടറികളെ വീണ്ടും പൊതുമേഖലയിൽത്തന്നെ നിലനിർത്താനും മുന്നോട്ടുകൊണ്ടുപോകാനുമാണ് ഈ നിയമം കൊണ്ടുവരുന്നത്. ഇപ്പോൾ ഞാൻ ഇതുമാത്രമെ പറയുന്നുള്ളൂ. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ പിന്നീട് പറയാം. ഈ ബിൽ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.08.2015-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

കശുവണ്ടി വ്യവസായ മേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മ തടയുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും അവർക്ക് ന്യായമായ സേവന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുമായി ഏതാനും കശുവണ്ടി ഫാക്ടറികൾ പൊതുതാല്പര്യപ്രകാരം വിലയ്ക്കെടുക്കുന്നതിന് 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ട് സർക്കാരിനെ അധികാരപ്പെടുത്തി. ഇതുപ്രകാരം സർക്കാർ ഏതാനും ഫാക്ടറികൾ ഏറ്റെടുക്കുകയുണ്ടായി. ഈ

നടപടിയെ ഫാക്ടറി ഉടമകൾ ചോദ്യം ചെയ്തു. ആക്ടിന്റെ സാധുതയെ സുപ്രീം കോടതി അംഗീകരിച്ചുവെങ്കിലും പ്രസ്തുത ആക്ടിന്റെ 3-ാം വകുപ്പ് 1- ാം ഉപവകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച ചില വിജ്ഞാപനങ്ങൾക്ക് നിയമസാധുത ഇല്ലെന്ന് കോടതി പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിന്നിരുന്ന ചില കേസുകളിൽ ഹൈക്കോടതി തീർപ്പുകൽപ്പിക്കുകയും ഫാക്ടറികൾ യഥാർത്ഥ ഉടമകൾക്ക് കൈമാറുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു. അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പായി കക്ഷികൾക്ക് പറയുവാനുള്ളത് പറയുന്നതിന് മതിയായ അവസരം സർക്കാർ നൽകിയില്ലെന്നതാണ് ഈ വിജ്ഞാപനം റദ്ദാക്കുന്നതിനുള്ള പ്രധാന കാരണം. ഫാക്ടറികൾ ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും നിയന്ത്രണത്തിലാണ്. കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്ടിലെ 6-ാം വകുപ്പ് റദ്ദുചെയ്യുകയും പ്രസ്തുത ഭേദഗതി ആക്ട് പ്രകാരം കാപ്പെക്സിനുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള പത്ത് കശുവണ്ടി ഫാക്ടറികളും അതിനോടനുബന്ധിച്ചുള്ള ഭൂമിയും ഉടമകൾക്ക് വിട്ടുകൊടുക്കാനും നിർദ്ദേശിച്ചു. എന്റെ മണ്ഡലത്തിലെ കല്ലമ്പലത്തും കിളിമാനൂരിലെ പഴയകുന്നുമ്മേൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും കശുവണ്ടി ഫാക്ടറികളുണ്ട്. കോടതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഉടമസ്ഥർക്ക്

കശുവണ്ടി ഫാക്ടറികൾ വിട്ടുകൊടുക്കുകയാണെങ്കിൽ, ഉടമകൾ ദീർഘകാലമായി കശുവണ്ടി വ്യവസായത്തിൽനിന്ന് വിട്ടുനിൽക്കുന്നു എന്ന കാരണത്താലും ആഗോള വിപണിയിൽ അസംസ്കൃത കശുവണ്ടിയുടെ ദൗർലഭ്യവും കാരണം സമീപഭാവിയിൽ അവർക്ക് ഈ വ്യവസായം ആരംഭിക്കാൻ സാധിക്കാതെ വരുന്നുണ്ട്. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്കിടയിൽ വൻതോതിലുള്ള തൊഴിലില്ലായ്മ ഉൾപ്പെടെ വലിയ തോതിലുള്ള നഷ്ടമുണ്ടാകുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ബാഹുല്യമുള്ള തെക്കൻ ജില്ലകളിൽ സാമൂഹിക-സാമ്പത്തിക അസന്തുലിതാവസ്ഥയും ഉണ്ടാകുന്നതാണ്. ആയതിനാൽ വിജ്ഞാപന തീയതി മുതൽ ചില ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ഈ കശുവണ്ടി ഫാക്ടറികൾ ഞങ്ങൾക്ക് വിട്ടുതരികയാണെങ്കിൽ  ഫാക്ടറി ഉടമകൾ ഫാക്ടറി ഏറ്റെടുക്കുന്ന ദിവസം മുതൽ തൊഴിലാളികൾക്ക് ശരിയായിട്ടുള്ള ശമ്പളവും മിനിമം വേജസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണെന്ന ഉറപ്പ് സുപ്രീം കോടതിയിൽ നൽകിയാണ് ഫാക്ടറികൾ കൈക്കലാക്കാൻ ശ്രമിച്ചത്. പക്ഷേ ആ ഉറപ്പുകൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. കശുവണ്ടി മേഖലയിൽ മിനിമം വേജസ് പ്രഖ്യാപിക്കുന്നതല്ലാതെ അത് കൊടുക്കുന്നതും വാങ്ങുന്നതും വലിയ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണെന്ന് നമുക്കറിയാം.

പ്രായം കുറഞ്ഞ ആളുകളെ തൊഴിലാളികളായി വച്ച് അവർക്ക് ഡി.എ. തന്നെ പല വിധത്തിൽ കൊടുക്കുകയും വേണ്ട ആനുകൂല്യങ്ങൾ കൊടുക്കാതെ ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ സേവന വേതന വ്യവസ്ഥകളേയും കാറ്റിൽപറത്തുകയുമാണ് ഇക്കാലമത്രയും ഇതുകാരണമുണ്ടായിട്ടുള്ളത്. തെക്കൻ കേരളത്തിന്റെ സാമ്പത്തിക ഘടനയെ വളരെയേറെ ബാധിക്കുന്നതാണിത്. ഒരുകാലത്ത് കൊല്ലം ജില്ലയും തിരുവനന്തപുരം ജില്ലയുടെ ഭാഗങ്ങളും ആ പ്രദേശത്തു കണ്ട വളർച്ചയുടെയും വികസനത്തിന്റെയും സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയുമൊക്കെ മുഖം കശുവണ്ടിതൊഴിലാളികൾ നേടുന്ന വേതനവും അതിന്റെ അവകാശങ്ങളുമായിരുന്നു. അതുമുഴുവൻ നഷ്ടപ്പെടുന്നതുവഴി ഒരു പ്രദേശത്തെ ജനങ്ങളുടെ കുടുംബ ബഡ്ജറ്റുവരെ തകരാറിലാകുകയാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളിക്ക് തൊഴിലും വേതനവും ശമ്പളവും കൊടുക്കാതിരുന്നപ്പോൾ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകൾ സർക്കാരിന് നിവേദനം നൽകുകയും എല്ലാവരും ഒരൊറ്റ മനസ്സോടെ, ഐക്യത്തോടെ സമര രംഗത്തേയ്ക്ക് വരികയും ചെയ്തു. അതിനായി നിരവധി കോൺഫറൻസുകൾ നടത്തിയിരുന്നെങ്കിലും ഫാക്ടറി ഉടമകൾ അക്കാലത്ത് അതിലൊന്നും പങ്കെടുത്തിരുന്നില്ല. തുടർന്നാണ് ഈ രാജ്യം കണ്ട ഏറ്റവും വലിയ പ്രക്ഷോഭ സമരങ്ങൾക്ക് കശുവണ്ടി തൊഴിലാളി യൂണിയനുകൾ നേതൃത്വം

നൽകിയത്. അതിന്റെ ഭാഗമായി അച്ചുതമേനോൻ സർക്കാർ, ഐക്യജനാധിപത്യമുന്നണി സർക്കാർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുവരുന്ന സമയമായിരുന്നു. എന്നിട്ടും കശുവണ്ടി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആക്റ്റ് പാസ്സാക്കുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് കുറച്ച് കമ്പനികൾക്ക് രൂപംകൊടുത്തത്. 72 കമ്പനികളുണ്ടായിരുന്നിടത്ത് 30 കമ്പനികൾ മാത്രമാണ് സർക്കാർ നിയന്ത്രണത്തിലുള്ളത്. കമ്പനികൾ വിട്ടുതന്നാൽ തൊഴിലാളികൾക്ക് പൂർണ്ണമായും ജോലിയും സേവനവും ഉറപ്പുനൽകുമെന്ന കരാറുകൾ അവർ പാലിച്ചില്ല. അവർ തൊഴിലാളികളെ താല്ക്കാലികമായി നിയമിക്കുകയും അതുവഴി ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. മാത്രവുമല്ല, ഈ രംഗത്ത് മറ്റൊരുകാര്യം കൂടിയുണ്ട്. സ്വകാര്യ ഫാക്ടറികളിൽത്തന്നെ വർഷങ്ങളായി പണിയെടുത്ത് ഫാക്ടറി വിട്ടുപോയ ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കാതിരിക്കുകയും ഒരു മുതലാളിയുടെ കയ്യിൽനിന്ന് മറ്റൊരു മുതലാളിക്ക് കൈമാറുക, അയാൾ മാറുന്ന സമയത്ത് അവർക്ക് കൊടുക്കാനുള്ളത് കൊടുക്കാതിരിക്കുക, ചോദിക്കുമ്പോൾ ഇനി വരുന്ന ആൾ തരുമെന്ന് പറയുക, വന്ന ആളിനെ പിന്നെ കാണാതിരിക്കുക, വന്ന ആൾ ഈ ആനുകൂല്യങ്ങളൊന്നും കൊടുക്കാതിരിക്കുക, അങ്ങനെ ഭിക്ഷക്കാരെപ്പോലെ ഇറങ്ങി

നടക്കുന്ന എത്രയെത്ര തൊഴിലാളികൾ ഈ രംഗത്തുണ്ട്. സ്ഥിരമായി സങ്കടവും വിഷമങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന തൊഴിലാളികൾ നമ്മുടെ രാജ്യത്തുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളാണ് കയറും കശുവണ്ടിയും. ആ മേഖലയിലെ തൊഴിലാളികൾ നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. സർക്കാർ നിയന്ത്രണത്തിലുള്ള കാപ്പെക്സിന്റെ ഫാക്ടറികൾ സുഗമമായി നടന്നുപോകുന്നു. ഫാക്ടറി ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുള്ള 34 ഫാക്ടറികൾ സർക്കാർ നിയന്ത്രണത്തിലാക്കി. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ച് ഇ.എസ്.ഐ. പെൻഷൻ പദ്ധതികൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തി അത് മുന്നോട്ട് പോകുന്നതിനുള്ള അവസ്ഥയുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതികൾ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കശുവണ്ടി വ്യവസായത്തിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സുമാണത്. കാപ്പെക്സ് സഹകരണ മേഖലയിലാണെങ്കിലും ഗവൺമെന്റാണ് നടത്തുന്നത്. 1994-ൽ കാഷ്യൂ കോർപ്പറേഷന്റെ 36 ഫാക്ടറികൾ

സ്വകാര്യ മുതലാളിമാർക്ക് വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ച സാഹചര്യം പറഞ്ഞുകൊണ്ടാണ് 2015 ഫെബ്രുവരിയിൽ കാപ്പെക്സിന്റെ 10 ഫാക്ടറികൾ സ്വകാര്യമുതലാളിമാർക്ക് വിട്ടുകൊടുക്കാൻ ഇപ്പോൾ സുപ്രീം കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. അതിലേയ്ക്ക് നയിച്ച ചില കാര്യങ്ങൾ ഇവിടെ വിശദമാക്കേണ്ടത് ഒഴിവാക്കാൻ കഴിയാത്തതാണ്. ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞ കുറച്ച് കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ കുറച്ച് പഴയ കാര്യങ്ങൾ പറയാനാണ് ഉദ്ദേശിക്കുന്നത്. 1967-69 കാലഘട്ടത്തിലാണ് അന്നത്തെ ഇ.എം.എസ്. ഗവൺമെന്റ് കാഷ്യു കോർപ്പറേഷന് രൂപം നൽകുന്നത്. അന്ന് 34 ഫാക്ടറികളുണ്ടായിരുന്നു. ടി. വി. തോമസ് അന്ന് വ്യവസായ വകുപ്പ് മന്ത്രിയാണ്. മുസ്ലീം ലീഗും കേരള കോൺഗ്രസ്സും ഇടതുപക്ഷ മുന്നണി യോടൊപ്പം ഗവൺമെന്റ് രൂപീകരിച്ച് പ്രവർത്തിക്കുന്ന കാലമാണ്. അന്ന് 10 ഫാക്ടറികൾ കാഷ്യു കോർപ്പറേഷൻ വിലയ്ക്കെടുത്തു. 24 ഫാക്ടറികൾ ലീസിനു പുറമേ റിക്വിസിഷൻ ആക്ട് അനുസരിച്ചുമെടുത്തു. റിക്വിസിഷൻ ആക്ട് 1979-ലാണ് വന്നത്. ഇതനുസരിച്ച് എടുത്തത് കാശുകൊടുക്കാൻ ഇല്ലാത്തതുകൊണ്ടാണ്. ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ മുതലാളിമാർ തൊഴിലാളികളെ വലിയ തോതിൽ ചൂഷണം ചെയ്യുന്ന പശ്ചാത്തലത്തിൽ............ ഈ വ്യവസായത്തിന് പൊതുമേഖല വേണം.

ആ പൊതുമേഖല മാതൃകാപരമായി പ്രവർത്തിച്ച് തൊഴിലാളികളുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ടി. വി. തോമസിന്റെയും ഇ.എം.എസിന്റെയും കാലത്ത് കാഷ്യൂ കോർപ്പറേഷൻ ആരംഭിക്കുന്നത്. കാഷ്യൂ കോർപ്പറേഷന്റെ 34 ഫാക്ടറികൾ ആരംഭിച്ചതാണ് ആദ്യത്തെ ചിത്രം. അതിനുശേഷം 1974-ൽ കേരള കാഷ്യു ഫാക്ടറീസ് അക്വിസിഷൻ ആക്ട് എന്നുപറയുന്ന ഒരു നിയമം ഗവൺമെന്റ് പാസാക്കിയിരുന്നു. പക്ഷേ കാഷ്യൂ കോർപ്പറേഷൻ ഈ ആക്ട് അനുസരിച്ചല്ല ഫാക്ടറികൾ അന്ന് എടുത്തത്. പിന്നീട് 1984 - 86 കാലത്ത് കാപ്പെക്സ് പത്ത് ഫാക്ടറികൾ ഏറ്റെടുത്തു. ആ കഥയിലേയ്ക്ക് വരുന്നതിനുമുൻപ് ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള നിയമങ്ങളെപ്പറ്റി പറയാം. 1974 -ലെ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട്, 1979-ലെ റിക്വിസിഷനിംഗ് ആക്ട്, 1995-ലെ അക്വിസിഷൻ അമെന്റ്മെന്റ് ആക്ട്, 2010-ലെ അക്വിസിഷൻ സെക്കന്റ് അമെന്റ്മെന്റ് ആക്ട് ഇത്രയും ആക്ടുകളാണ് കാഷ്യൂ വ്യവസായത്തിൽ പൊതുമേഖലയെ സംരക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ 2009-ൽ പാസാക്കിയ നിയമമാണ് 2010-ൽ രാഷ്ട്രപതിയുടെ അസെന്റ് കിട്ടി നിയമമാക്കിയത്. ഇതിൽ വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് സംഭരിക്കുന്ന ഒരു നയവും രാജ്യത്ത് എസ്.റ്റി.സി. (സ്റ്റേറ്റ്

ട്രേഡിംഗ് കോർപ്പറേഷൻ) വഴി ഗവൺമെന്റ് ഓഫ് ഇന്ത്യ ഇറക്കുമതി ചെയ്ത് സ്വകാര്യ മുതലാളിമാർക്കും പൊതുമേഖലയ്ക്കും കൊടുക്കുന്ന ഒരു നയവും ഉണ്ടായിരുന്നു. ഈ രണ്ട് നയങ്ങളെയും പൊതുമേഖലയെയും സ്വകാര്യമുതലാളിമാർ എക്കാലവും എതിർത്തു പോന്നിരുന്നു. ആ എതിർപ്പിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖല ആക്രമിക്കപ്പെടുന്നത്. പൊതുമേഖലയെ തകർക്കുകയെന്നതായിരുന്നു സ്വകാര്യ മുതലാളിമാരുടെ ലക്ഷ്യം. ഈ രംഗത്ത് മുതലാളിമാരുമായി മത്സരിക്കാൻ തക്കവിധത്തിൽ പൊതുമേഖ സംരക്ഷിക്കാൻ ഗവൺമെന്റുകൾ പരിശ്രമിക്കുകയെന്നുള്ളത് എക്കാലവും ആവശ്യപ്പെട്ടു പോന്നിട്ടുള്ളതാണ്. കാഷ്യൂ കോർപ്പറേഷൻ പത്ത് ഫാക്ടറികൾ വിലയ്ക്കെടുത്തതിനുപുറമെ 34 ഫാക്ടറികൾ ലീസിനും റിക്വിസിഷൻ ആക്ട് അനുസരിച്ചും എടുത്തിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 1984-1986-ൽ വർഷങ്ങളായി അടഞ്ഞുകിടന്ന ഫാക്ടറികളാണ്. ചാത്തന്നൂരിലെ ക്വയിലോൺ എക്സ്പോർട്സ് എന്ന ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഞാൻ തന്നെ ഒരു വർഷം സമരം ചെയ്തിട്ടുണ്ട്. അതുപോലെ ഓരോ സ്ഥലത്തും ഫാക്ടറികൾ തുറപ്പിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തിയ നിരന്തര സമരത്തിന്റെ ഫലമായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു. അതിനുശേഷം അതിന്റെ അപ്പെക്സ് ബോഡിയായ കാപ്പെക്സ്

രൂപീകരിച്ചു. പത്ത് ഫാക്ടറികൾ ഏറ്റെടുക്കാൻ ശ്രീ. കൃഷ്ണകുമാർ എം.പി.യായിരുന്ന കാലത്ത്, അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് അതിനുള്ള നടപടികൾ സ്വീകരിച്ചത്. കാപ്പെക്സ് ഫാക്ടറികൾ അപ്രകാരമുള്ളതാണ്. 1987-91-ലെ (ഇ. കെ. നായനാർ) ഗവൺമെന്റിന്റെ കാലത്ത് കുത്തക സംഭരണം പരാജയപ്പെടുത്താൻ മുതലാളിമാർ പരിശ്രമിച്ചപ്പോൾ 1974-ലെ അക്വിസിഷൻ ആക്ട് അനുസരിച്ച് 36 ഫാക്ടറികൾ എടുത്തു. 36 ഫാക്ടറികൾക്കും പൊതുവായിട്ടാണ് നോട്ടീസ് കൊടുത്തത്. ആ 36 ഫാക്ടറികളാണ് തിരിച്ചുകൊടുക്കാൻ 1994-ൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചത്. 1993-94-ലും 1994-95 -ലും, 1995-96-ലും (സുപ്രീംകോടതി ആ വിധി പ്രസ്താവിക്കുന്ന സമയത്ത്) ഈ ഫാക്ടറികൾ ശരിക്കും പ്രവർത്തിച്ചിരുന്നില്ല. 1993-94-ൽ 36 ഫാക്ടറികൾ അടക്കമുള്ള 70 ഫാക്ടറികൾ പ്രവർത്തിച്ചത് വെറും 14 ദിവസം മാത്രമാണ്. അപ്രകാരം ഫാക്ടറികൾ പ്രവർത്തി ക്കാതിരുന്നപ്പോൾ ഈ ഫാക്ടറികൾ സ്വകാര്യമുതലാളിമാർക്ക് തിരിച്ചുകൊടുക്കുകയെന്നുള്ള ഒരു അജണ്ട......... അന്ന് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന്റെ ഗവൺമെന്റ് ഉണ്ടായിരുന്ന പശ്ചാത്തലത്തിൽ ന്യായമായി കേസുകൾ നടത്താതിരിക്കുകയും ഈ ഫാക്ടറികൾ പ്രവർത്തിപ്പിക്കാതിരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ സ്വകാര്യ മുതലാളിമാർക്ക് ഫാക്ടറികൾ തിരിച്ചുകൊടുക്കുകയുമാണ് ചെയ്തത്. ഇതാണ്

സംഭവം. ഐക്യ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ സ്വീകരിക്കുന്ന നയത്തിന്റെ ഭാഗമാണിത്. 70 ഫാക്ടറികൾ എന്നുപറഞ്ഞാൽ, അന്ന് ഏതാണ്ട് അൻപതിനായിരത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികളാണ്. അതേസമയം 1994-ൽ കോർപ്പറേഷന്റെ ഫാക്ടറികൾ തിരിച്ചുകൊടുക്കാൻ വിധി പ്രസ്താവിച്ചപ്പോൾ  കാപ്പെക്സിന്റെ സ്വകാര്യ മുതലാളിമാർ ഈ വിധിയനുസരിച്ച് കാപ്പെക്സിന്റെ ഫാക്ടറികൾ തിരിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് കാപ്പെക്സിന്റെ ഫാക്ടറികൾ തിരിച്ചുകൊടുക്കണമെന്ന് സുപ്രീംകോടതി വിധിയായി. പക്ഷെ കാപ്പെക്സിന്റെ ഫാക്ടറികൾ സംരക്ഷിക്കാൻ ഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിച്ചു. 1995-ൽ ഒരു അമെന്റ്മെന്റ് ആക്ട് കൊണ്ടുവന്നു. ആ അമെന്റ്മെന്റ് ആക്ട് അനുസരിച്ചും ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പോളജി കൊടുത്തതിന്റെയും അടിസ്ഥാനത്തിൽ സുപ്രീംകോടതി ഈ ഫാക്ടറികൾ നടത്തിക്കൊള്ളാൻ ഗവൺമെന്റിന് അനുമതി കൊടുത്തു. 1984-86 കാലത്ത് എടുത്ത ഫാക്ടറികൾ മുപ്പതുകൊല്ലമായി കാപ്പെക്സിന്റെ കൈവശമാണ്. 1995-ൽ സുപ്രീംകോടതിയിൽ അപ്പോളജി കൊടുത്ത തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച ആ ഫാക്ടറികൾ 1995 മുതൽ ഇരുപതുവർഷക്കാലമായി ഗവൺമെന്റിന്റെ കൈവശം അഥവാ സഹകരണ മേഖലയിൽ പ്രവർത്തിച്ച

വരികയാണ്. അങ്ങനെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഫാക്ടറികളെയാണ് 2015 ഫെബ്രുവരി 4-ാം തീയതിയിലെ സുപ്രീംകോടതി വിധിയനുസരിച്ച് സ്വകാര്യമുതലാളിമാർക്ക് വിട്ടുകൊടുക്കാൻ തീരുമാനമായിട്ടുള്ളത്. ഇതിൽ പത്ത് ഫാക്ടറികളാണ് വരുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ശ്രീ. വർക്കല കഹാറും ഇതുസംബന്ധിച്ച് ഇവിടെ പറഞ്ഞു. ഈ പത്ത് ഫാക്ടറികളിൽ പത്താമത്തെ ഫാക്ടറി ഉടമ സാദിഖ്, സാദിഖിന്റെ ഭാര്യയുടെ പേരിലാണ് മുസ്ലിയാർ ഇൻഡസ്ട്രീസ്. സാദിഖിന്റെ ഭാര്യയുടെ പേരിലാണ് പ്രസ്തുത ഫാക്ടറിയെങ്കിലും അത് പണ്ട് നടത്തിയിരുന്നത് രാജ്മോഹൻ കാഷ്യൂസ് ആണ്. അവർക്ക് ഫാക്ടറി നടത്തിപ്പേ ഇല്ല. സാദിഖ് ഇതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ കേസ് കൊടുത്തതാണ്. ഇതാണ് കേസിന്റെ പശ്ചാത്തലം. ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ള ചില കാര്യങ്ങൾ ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സഭയുടെയും ഗവൺമെന്റിന്റെയും മുൻപിൽ ഇക്കാര്യങ്ങൾ പറയാതിരിക്കാൻ എനിക്ക് നിവൃത്തിയില്ല. കഴിഞ്ഞ മുപ്പത് വർഷക്കാലത്തിലധികമായി നമ്മൾ കൈവശം വച്ചുകൊണ്ടിരുന്ന ഫാക്ടറികളാണ്. ആ മുപ്പത്തിയാറ് ഫാക്ടറികളുടെ മറവിലാണ് ഈ പത്ത് ഫാക്ടറികൾ വിട്ടുകൊടുക്കാൻ ഇടയായത്. യഥാർത്ഥത്തിൽ നമ്മുടെ ഗവൺമെന്റ് അക്കാര്യത്തിൽ

സ്വീകരിച്ച തെറ്റായ സമീപനത്തിന്റെ ഫലമായാണ് ഈ പത്ത് ഫാക്ടറികൾ വിട്ടുകൊടുക്കാൻ ഇടയായത്. ആ തെറ്റായ സമീപനം എന്തെന്നുവെച്ചാൽ 1974 -ലെ ആക്ടിന്റെ സെക്ഷൻ 3 (1) അതാണ് അക്വിസിഷൻ എന്നുപറയുന്നത്. ഫാക്ടറിയുടെ അക്വിസിഷന്റെ വകുപ്പ് അതാണ്. 3 (1) മാത്രമല്ല, 1995 -ലെ അമെന്റ്മെന്റ് ആക്ടിലെ 3(a) ഉണ്ട്. 3 യും 3(1) ഉം 3(a)യും ഏതെങ്കിലും വിധത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിന് ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിച്ചോ എന്ന് സുപ്രീംകോടതി മുതലാളിമാരുടെ വക്കീലിന്റെ വാദത്തിനെ ആസ്പദമാക്കി നമ്മുടെ ഗവൺമെന്റ് വക്കീലിനോട് ചോദിച്ചപ്പോൾ അപ്രകാരം ഒരു നടപടിയും സ്വീകരിച്ചില്ലായെന്നാണ് പറഞ്ഞത്. ഞാൻ കഴിഞ്ഞ ദിവസം കാളിംഗ് അറ്റൻഷൻ കൊണ്ടു വന്നപ്പോൾ അത് പറഞ്ഞതാണ്. ഇതാണ് പത്ത് ഫാക്ടറികൾ തിരിച്ച് കൊടുക്കാൻ ഇടയായതും നമുക്ക് പ്രതികൂലമായിട്ടുള്ള വിധി വരുന്നതിനും കാരണമായിട്ടുള്ളത്. അന്ന് കേസ് നടക്കുന്ന സമയത്ത്, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഈ പത്ത് ഫാക്ടറികളിൽ മൂന്നെണ്ണം ജപ്തി ചെയ്ത് ഗവൺമെന്റിൽ നിക്ഷിപ്തമായതാണ്. ആലപ്പുഴ, തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കളക്ടർമാരെയാണ് ഇതിന്റെ വില നിശ്ചയിക്കാൻ ചുമതലപ്പെടുത്തപ്പെട്ടത്. കളക്ടർമാർ നിശ്ചയിച്ച വില പിന്നീട് ഈ ഫാക്ടറി

ഉടമകൾക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. കുടിശ്ശിക വന്നതിന്റെ ഫലമായി മൂന്നു ഫാക്ടറികൾ ജപ്തി ചെയ്തതാണ്. ആ തുക ഗവൺമെന്റിന് കാപ്പെക്സ് അടച്ചു. ബാക്കി അഞ്ച് ഫാക്ടറി ഉടമകൾ വില കൈപ്പറ്റി. ഒരു ഫാക്ടറി ഉടമ വില കൈപ്പറ്റിയില്ല. അതാണ് സാദിഖ് എന്നു പറയുന്നത്. ഒരു ഫാക്ടറി ഉടമ ഒബ്ജക്ഷനോടുകൂടി കൈപ്പറ്റി. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റ് പ്ലീഡർക്ക് സുപ്രീംകോടതിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വരമായിട്ടുള്ള സ്റ്റഡി നടത്തിയല്ല കോടതിയിൽ പോയത്. 1994-ൽ അവർ ഹൈക്കോടതി പോയി. നഷ്ടപരിഹാരം കൊടുത്ത് ആ ഫാക്ടറികൾ ഗവൺമെന്റ് കൈവശപ്പെടുത്തണമെന്നാണ് ഹൈക്കോടതി വിധി. ആ വിധിയുടെ അടിസ്ഥാനത്തിലാണ് കളക്ടർമാരോട് ആ ഫാക്ടറികളുടെ വില നിശ്ചയിക്കാൻ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിലാണ് കളക്ടർമാർ ഇതിന്റെ വില നിശ്ചയിച്ചത്. ഈ കേസ് ശ്രദ്ധാപൂർവ്വം നടത്താത്തതിന്റെ ഫലമായിട്ടാണ് ഹൈക്കോടതി വിധിയെ ക്വാഷ് ചെയ്തുകൊണ്ട് സുപ്രീംകോടതി 2015-ൽ വിധി പ്രസ്താവിച്ചത്. ഇപ്രകാരം 8 മുതലാളിമാർ നഷ്ടപരിഹാരം കൈപ്പറ്റുകയും ഒരാൾ എതിർപ്പോടുകൂടി നഷ്ടപരിഹാരം കൈപ്പറ്റുകയും ഒരാൾ നഷ്ടപരിഹാരം കൈപ്പറ്റാതിരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ പത്ത് ഫാക്ടറികൾക്കും

ഗവൺമെന്റ് നഷ്ടപരിഹാരം കൊടുത്തുവെന്നാണ് ഇതിന്റെ അർത്ഥം. നഷ്ടപരിഹാരം കൈപ്പറ്റാതിരുന്നതുകൊണ്ട് നഷ്ടപരിഹാരം കൊടുത്തില്ലെന്ന് കണക്കാക്കാനാകില്ല. നഷ്ടപരിഹാരം നിശ്ചയിക്കുകയും അത് കൊടുക്കുകയും ചെയ്തു. അതിനെക്കുറിച്ച് വിശദമായി ഞാൻ പറയുന്നില്ല. ഈ വസ്തുതകൾ പോലും ഗവൺമെന്റ് പ്ലീഡർ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുന്നിൽ സമർപ്പിച്ചില്ല. മതിയായ സമയം നൽകാതെയും ഹിയറിംഗ് നടത്താതെയുമാണ് ഫാക്ടറികൾ ഏറ്റെടുത്തതെന്ന വാദം യഥാർത്ഥത്തിൽ അടിസ്ഥാന രഹിതമാണ്. മതിയായ സമയം കൊടുത്തിട്ടാണ് ഫാക്ടറികൾ ഏറ്റെടുത്തത്. പത്താമത്തെ ആളാണ് സാദിഖ്, രാജ്മോഹന് മൂന്ന് പ്രാവശ്യം സമയം കൊടുത്തു. അതിന്റെ രേഖകൾ കാപ്പെക്സിലുണ്ട്. ഈ രേഖകൾ ശേഖരിച്ച് കോടതിയെ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുള്ളതാണ് വസ്തുത.

ഞാൻ ഒരുകാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. കോർപ്പറേഷന്റെ 34 ഫാക്ടറികളിൽ 10 ഫാക്ടറികൾ വിലയ്ക്കും 24 ഫാക്ടറികൾ ലീസിനും റിക്വസിഷൻ ആക്ട് അനുസരിച്ചാണ് എടുത്തത്. അതിൽ 4 ഫാക്ടറികൾ കഴിഞ്ഞ ഗവൺമെന്റ്, അങ്ങ് വ്യവസായമന്ത്രിയും ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയുമായിരുന്ന കാലത്ത് സ്വകാര്യ മുതലാളിമാർക്ക് തിരിച്ചുകൊടുത്തു. അന്ന് ശ്രീ. എ. കെ. ആന്റണിയെ

കണ്ട് ഇതിന് ഒരു നിയമം കൊണ്ടുവരണമെന്ന് ഞങ്ങൾ പറഞ്ഞതാണ്. പക്ഷേ നിയമം കൊണ്ടുവന്നില്ല. നാല് ഫാക്ടറികൾ തിരിച്ചുകൊടുത്തു. ബാക്കിയുള്ള 34 ഫാക്ടറികളിൽ, റിക്വസിഷൻ ആക്ടനുസരിച്ചോ ലീസിനോ എടുത്ത 20 ഫാക്ടറികളെ സംരക്ഷിക്കാൻ 2010-ൽ ഞങ്ങൾ അമെന്റ്മെന്റ് ആക്ട് കൊണ്ടുവന്നു. അത് 1974-ലെ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ടിന്റെ അമെന്റ്മെന്റ് ആക്ടാണ്. ആ അമെന്റ്മെന്റ് ആക്ടനുസരിച്ച് സെക്ഷൻ 3(ബി) എടുത്തു. സെക്ഷൻ 3(ബി) 2010-ലെ നിയമത്തിൽ പരിശോധിച്ചാൽ അറിയാൻ സാധിക്കും. പൊസഷനിലിരി ക്കുന്ന ഫാക്ടറികളെ എങ്ങനെ സംരക്ഷിക്കണമെന്നതിനെപ്പറ്റി വിശദമായ ഒരു ക്ലോസുണ്ട്. ആ ക്ലോസ് വായിക്കാൻ സമയമെടുക്കുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. 2002-ലാണ് ഇപ്രകാരം നാല് ഫാക്ടറികൾ തിരിച്ചുകൊടുത്തത്. ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയം, പുതിയ നിയമത്തിൽ സെക്ഷൻ 6(a) ഉണ്ട്. 1995-ലെ സെക്ഷൻ 6 ആണ് സുപ്രീം കോടതി സ്ട്രക്ക്ഡൗൺ ചെയ്തത്. സെക്ഷൻ 6 സ്ട്രക്ക്ഡൗൺ ചെയ്താൽ സെക്ഷൻ 6(a) ക്ക് എന്താണ് പ്രസക്തി? 1995-ലെ സെക്ഷൻ 6 സ്ട്രക്ക്ഡൗൺ ചെയ്തു, അപ്പോൾ സ്വാഭാവികമായും സെക്ഷൻ 6(a) എന്ന വകുപ്പിന് യാതൊരു പ്രസക്തിയുമില്ല. 1995-ലെ സെക്ഷൻ

6 ഉം 1974 ലെ സെക്ഷൻ 6 ഉം ആയി യാതൊരു ബന്ധവുമില്ല. 1974-ലെ സെക്ഷൻ 6-ൽ പ്രോപ്പർട്ടിയെ സംബന്ധിച്ചും അസറ്റ്സിനെ സംബന്ധിച്ചുമുള്ള വിവരങ്ങളാണ് പറയുന്നത്. 1974-ലെ മൂലനിയമവുമായി ഒരു ബന്ധവുമില്ലാതെ ഏകനായി നിൽക്കുന്ന പുതിയ ഒരു സെക്ഷൻ 1995-ലെ നിയമത്തിൽ കൊണ്ടുവന്നു. ആ സെക്ഷനാണ് സുപ്രീംകോടതി സ്ട്രക്ക്ഡൗൺ ചെയ്തത്. അത് സുപ്രീം കോടതി വിധിയുടെ പേജ് നമ്പർ 29 നോക്കിയാൽ കാണാൻ കഴിയും. അത് ഞാൻ വായിക്കുന്നില്ല. അങ്ങ് അത് വായിച്ചുനോക്കണം. സെക്ഷൻ 6(a) എന്നുപറയുന്നത് യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത ഒരു സെക്ഷനാണ്. അത് നിലനിൽക്കില്ലെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യക്തമായി പറഞ്ഞാൽ 1974-ലെ സെക്ഷൻ 3(1) ഓർഡർ ഓഫ് അക്വിസിഷനാണ്. 1995-ലെ അമെന്റ്മെന്റ് ആക്ടിലെ 3(a) power to acquire cashew factories in public interest ആണ്. 2010-ലെ അമെന്റ്മെന്റ് ആക്ടിലെ സെക്ഷനാണ് 3(b), ഈ സെക്ഷനാണ് പൊസഷനിലിരിക്കുന്ന ഫാക്ടറികൾ സംരക്ഷിക്കാനുള്ള ഒരു കണ്ടീഷൻ. അത് വായിച്ചു നോക്കണം. അതിന്റെ അടിസ്ഥാനത്തിൽ നിയമം തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്മാർ മനസിലാക്കേണ്ടത്, സെക്ഷൻ 6(a) ക്ക് യാതൊരു പ്രസക്തിയുമില്ല, അവിടെ വരേണ്ടത് സെക്ഷൻ 3(c)യാണ്. ഞാനെന്റെ

അറിവിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. നമ്മുടെ നിയമത്തിൽ ചില കണ്ടീഷൻസുണ്ട്. ഇതിൽ ക്ലോസ് 2 *Amendment of section 3A.-* എന്നുപറഞ്ഞിട്ട് ….....“ closed for a period of not less than three months” അത് നമ്മുടെ പ്രിൻസിപ്പൽ ആക്ടിലെ വ്യവസ്ഥയാണ്. അതിൽ (i) after the words, “ closed for a period of not less than three months” എന്നതിനുശേഷം “ prior to the date of coming into force of this Act or any day thereafter” അതിന് എന്താണ് പ്രസക്തി? അടുത്തിരിക്കുന്ന നിയമവകുപ്പുമന്ത്രിയോട് ചോദിച്ചാൽ അദ്ദേഹം പറഞ്ഞുതരും, '” closed for a period of three months” എന്ന ക്ലോസ് മതി, അതിനുശേഷം ഇപ്രകാരമൊരു വിശദീകരണത്തിന്റെ ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗുരുദാസൻ....പ്ലീസ്....

ശ്രീ. പി. കെ. ഗുരുദാസൻ: സർ, മൂലനിയമത്തിൽ നിയമസഭ ആറ് മാസത്തിനകം പ്രമേയം പാസ്സാക്കണമെന്നുണ്ട്. ഇതിന് എന്തിനാണ് ആറ് മാസം? അതിന് യാതൊരു പ്രസക്തിയുമില്ല. അതുപലെ സെക്ഷൻ 6 (a) കുറിച്ച് ഞാൻ നേരത്തേ വിശദീകരിച്ചതാണ്. ഇത് നിലനിൽക്കില്ല. അതുപ്പോലെ വളരെ അപകടമായ മറ്റൊരു വസ്തുത, ക്ലോസ് 4 *Amendment of section* 9 -ൽ 8

ഫാക്ടറികളും സംരക്ഷിക്കാനേ പറയുന്നുള്ളൂ. .....where the occupier or owner of a cashew factory has accepted the amount determined in accordance with the provisions herein contained, the cashew factory shall be deemed to have been conveyed to the Government...... എന്നാണ് പറഞ്ഞിരിക്കുന്നത്. നഷ്ടപരിഹാരം കൈപ്പറ്റിയവരുടെ ഫാക്ടറി മാത്രമാണ് പ്രൊട്ടക്ട് ചെയ്യപ്പെടുന്നത്. എന്നുപറഞ്ഞാൽ നഷ്ടപരിഹാരം കൈപ്പറ്റിയവരുടെ ഫാക്ടറിയും വിട്ടുകൊടുക്കാൻ നിർബന്ധിപ്പിക്കപ്പെടുന്ന ഒരു നിയമത്തിന് വഴിവയ്ക്കുന്ന ഒരു വകുപ്പാണ് ഇതിലുള്ളത്. അതാണ് എന്റെ പരിമിതമായ അറിവിൽ എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ നിയമം തന്നെ അസാധുവാണ്. പൊസഷനിലിരിക്കുന്ന ഫാക്ടറികൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളെന്താണെന്നതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കണം. നിയമം കൊണ്ടുവന്ന് പത്ത് ഫാക്ടറികളേയും സംരക്ഷിക്കപ്പെടേണ്ടത് വ്യവസായത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിനകത്തെന്തിനാണ് കാഷ്യൂ കോർപ്പറേഷനെ ഉൾപ്പെടുത്തുന്നത്. കാഷ്യൂ കോർപ്പറേഷന്റെ 30 ഫാക്ടറികളാണ് ഇപ്പോൾ കൈവശമുള്ളത്. അത് വേറെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതിൽ പത്തെണ്ണം

വിലയ്ക്കെടുത്തതാണ്. 20 എണ്ണം ലീസിലും റിക്വിസിഷൻ ആക്ട് അനുസരിച്ചും എടുത്തതാണ്. അതിന് അമെന്റ്മെന്റ് ആക്ട് കൊണ്ടുവരണം. അമെന്റ്മെന്റ് ആക്ടിന് 2010-ലാണ് പ്രസിഡന്റിന്റെ അസന്റ് കിട്ടിയത്. അസ്സെന്റ് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 20 ഫാക്ടറികൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് തീരുമാനിച്ചു. അന്ന് ശ്രീ. എ.എ. അസ്സീസ് പ്രതിപക്ഷത്തായിരുന്നപ്പോൾ അദ്ദേഹം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു. ഞങ്ങൾക്കനുകൂലമായ മറുപടി പറഞ്ഞാൽ ഞങ്ങൾ വാക്കൗട്ട് നടത്തില്ല എന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. നിങ്ങൾ അനുകൂലമായ മറുപടി പറഞ്ഞു. 25 കോടി രൂപ കൊടുത്ത് ആ ഫാക്ടറികൾ വിലയ്ക്കെടുത്തില്ലെന്നുണ്ടെങ്കിൽ ആ ഫാക്ടറികൾ ഭാവിയിൽ നഷ്ടപ്പെടും. അപ്പോൾ കാഷ്യൂ കോർപ്പറേഷൻ ഇല്ലാതെയാകും. ഇപ്പോൾ കാപ്പെക്സ് ഇല്ലാതെയാകുന്നു. അതുകൊണ്ട് പൊതുമേഖലയെ സംരക്ഷിക്കേണ്ടത് ഈ വ്യവസായത്തിൽ പണിയെടുക്കുന്ന മൂന്നു ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ ഭാവിക്കാവശ്യമാണ്. അതിന് തക്കവിധത്തിലുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. കോർപ്പറേഷനെയും കാപ്പെക്സിനെയും സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. ഇപ്പോൾ

കാഷ്യൂ കോർപ്പറേഷൻ അടച്ചിട്ടിരിക്കുകയാണ്. അതൊരു പ്രത്യേക വിഷയമായതുകൊണ്ട് ഞാൻ പറയുന്നില്ല. കഴിഞ്ഞ 5 മാസക്കാലത്തിനിടയ്ക്ക് പ്രവർത്തിച്ചിരുന്നത് വെറും 9 ദിവസമാണ്. ഒരു പൊതുമേഖലാസ്ഥാപനം 5 മാസത്തിനിടയ്ക്ക് 9 ദിവസം പ്രവർത്തിക്കുക എന്നുപറഞ്ഞാൽ ഒരു ഗവൺമെന്റിന് അപമാനകരമല്ലേ? പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളെ കൊഞ്ഞനംകുത്തുന്ന ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സുതാര്യതയില്ല എന്ന് അങ്ങ് പറഞ്ഞു. സുതാര്യത കൊണ്ടുവരേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയല്ലേ? അതുകൊണ്ട് കോർപ്പറേഷൻ ഫാക്ടറി തുറക്കണം. തൊഴിലാളികളെ സംരക്ഷിക്കണം. കാപ്പെക്സ് സംരക്ഷിക്കുന്നതിനാവശ്യമായ ഈ നിയമനിർമ്മാണം അപര്യാപ്തമാണ് എന്നാണ് 2009-ൽ കോർപ്പറേഷൻ ഫാക്ടറികൾ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു നിയമത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് ഇവിടെ പറയാനുള്ളത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് അവതരിപ്പിക്കുവാനുള്ളത്. ഇതെല്ലാം ഗൗരവപൂർവ്വം കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ ബിൽ അയക്കുന്നത് സബ്ജക്ട്

കമ്മിറ്റിക്കാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഇതിന്റെ എല്ലാ വശങ്ങളും ചർച്ച ചെയ്യാവുന്നതാണ്. ഗവൺമെന്റിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. 10 ഫാക്ടറികളും പൊതുമേഖലയിൽതന്നെ നിലനിർത്തി, ഇന്നു വന്നിട്ടുള്ള നിയമപ്രശ്നം എന്നുപറയുന്നത് സുപ്രീം കോടതി റദ്ദ് ചെയ്തിരിക്കുന്ന ഒരു ക്ലോസാണ്. അതിന്റെയടിസ്ഥാനത്തിലാണ് അത് വന്നിരിക്കുന്നത്. അപ്പോൾ അത് റെക്റ്റിഫൈ ചെയ്യാനുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് നമ്മൾ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടെങ്കിൽ ഈ സെഷനിൽത്തന്നെ സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാരുള്ള ഒരു സബ്ജക്ട് കമ്മിറ്റിയാണ്. എന്ത് നിർദ്ദേശം ഉണ്ടെങ്കിലും സ്വീകരിക്കുന്നതിന് ഗവൺമെന്റിന് വിഷമമില്ല. അത് നമുക്ക് പരിഹരിക്കാവുന്നതാണ് എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. മറ്റുകാര്യങ്ങൾ പറഞ്ഞതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, കാഷ്യൂ കോർപ്പറേഷനിൽ ഇപ്പോൾ വന്നിരിക്കുന്ന പ്രതിസന്ധി ഉടനെ പരിഹരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നതാണ്. ഇതുവരെ നഷ്ടപ്പെട്ട തൊഴിൽദിനംകൂടി നികത്തിക്കൊണ്ട് കൂടുതൽ ദിവസം ജോലി കൊടുക്കാൻ

കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. മറ്റൊരുകാര്യം, നമ്മുടെ കാഷ്യൂ ഫാക്ടറീസിന്റെ കോമ്പൻസേഷനാവശ്യമായ ഫണ്ടിനെ സംബന്ധിച്ചുള്ളതാണ്. ഫണ്ടില്ലാത്തതുകൊണ്ട് പ്രശ്നം വരില്ല. ആവശ്യം വരുന്ന ഘട്ടത്തിൽ ആവശ്യമായ പണം കൊടുക്കും എന്ന് ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ കഴിഞ്ഞപ്രാവശ്യം ഇവിടെ പറഞ്ഞു എന്നുള്ളത് ശരിയാണ്. ആ നിലപാടുതന്നെയാണ് ഗവൺമെന്റിനുള്ളത്. അതിനാവശ്യമായ ഫണ്ട് ആവശ്യമുള്ള ഘട്ടത്തിൽ ഈ ഗവൺമെന്റ് നൽകുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാം. പിന്നെ വരുന്ന ഘട്ടത്തിൽ നമുക്ക് ആലോചിക്കാം.

<u>മി. സ്പീക്കർ:</u> ശ്രീ. വർക്കല കഹാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വർക്കല കഹാർ</u> :സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

<u>മി. സ്പീക്കർ:</u> ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.കെ. ഗുരുദാസൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി.കെ. ഗുരുദാസൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച നാലാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ ........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട കെ. എം. മാണി ബാർ കോഴക്കേസിൽ ഒരു കോടി രൂപ ബാറുകാരോട് കൈക്കൂലി വാങ്ങി. അത് ഈ സർക്കാരിന്റെ വിജിലൻസിനെ ഉപയോഗിച്ച് ഒതുക്കി. അതുപോലെതന്നെ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ പേരിൽ 10 കോടി രൂപയുടെ അഴിമതിയാണ് ഉയർന്നുവന്നിട്ടുള്ളത്. ബാറുകാർതന്നെ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ വേണ്ടി ഈ

രണ്ടുമന്ത്രിമാർക്കും കൊടുത്തതാണ് ഈ കോഴ. അതെല്ലാം മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുമായി ഇവരെല്ലാം ചേർന്ന് വിജിലൻസിനെ ഉപയോഗിച്ച് ഇതെല്ലാം ഒതുക്കി. അപ്പോഴേക്കും വന്നിരിക്കുന്ന മുഖ്യമന്ത്രിയുടെ പേരിൽ തന്നെ നോട്ടീസ്. ആരുടേതാണ്? സോളാർ....സോളാറിന്റെ തന്നെ നോട്ടീസ് കിട്ടിയിരിക്കുകയാണ്. ആർക്കാണ്; മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് ഹാജരാകാൻ... xxxxxxx+ ... കേരളത്തിലെ മുഖ്യമന്ത്രി സോളാർ കേസിലെ xxxxx .....(ബഹളം)........അങ്ങനെ xxxxxxx ആളുകൾക്ക് എങ്ങനെയാണ് അധികാരത്തിൽ തുടരാൻ കഴിയുക എന്നാണ് ഞാൻ ചോദിക്കുന്നത്; ഇന്ന് ആ ചോദ്യത്തിന്റെ മുമ്പിൽ യാതൊരുതരത്തിലും ഉത്തരം പറയാൻ കഴിയാത്ത മുഖ്യമന്ത്രി ഇപ്പോഴും കേരളത്തിൽ മന്ത്രിസഭയെ നയിച്ചുകൊണ്ടിരിക്കുകയാണ്. .....(ബഹളം)....

ശ്രീ. സി. പി. മുഹമ്മദ്: പോയിന്റ് ഓഫ് ഓർഡർ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കേസ്സിലും xxxx+ അല്ല. ........(ബഹളം)...... അങ്ങനെയുള്ള മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷനേതാവ് ആരോപണം ഉന്നയിക്കുന്നത് ശരിയാണോ; അത് ഓർഡറിലാണോ ? 307 പ്രകാരം അത് രേഖയിൽ നിന്നും നീക്കണം. xxxx അല്ലല്ലോ? അങ്ങനെയാണെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും xxxx ആണ്......(ബഹളം)......

---

\+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

\+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രദ്ധ അസംബന്ധമാണ്. ശ്രദ്ധ അസംബന്ധവും അനാവശ്യവുമാണ്. .......(ബഹളം)...... അതൊക്കെ അരുണിന്റെ പരിപാടിയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പാർലമെന്റിലെ ചർച്ചയ്ക്ക് വന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി ഒരു കേസ്സിലും XXXX അല്ല. നോട്ടീസ് കൊടുത്താൽ XXXXXX+ ആകുന്നില്ല. XXXXX ആണ് എന്ന് അങ്ങ് പറഞ്ഞ ഭാഗം രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സോളാർ കമ്മീഷന്റെ മുമ്പിൽ XXXXXX ആയി കയ്യും കൂപ്പി നിൽക്കാൻ പോവുകയാണ്. അങ്ങനെയുള്ള ഒരു മുഖ്യമന്ത്രിയെ നിങ്ങൾ രക്ഷിക്കാൻ നോക്കിയാൽ നടക്കില്ല. ഇപ്പോൾ പാർലമെന്റിൽ, ബി.ജെ.പി.ക്കാർ നടത്തിയ അഴിമതിയിൽ നിന്നും രക്ഷപ്പെടാൻവേണ്ടി കൈചൂണ്ടിയിരിക്കുന്നത് എങ്ങോട്ടാണ്; കേരളത്തിലേക്കാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി XXXXXX അല്ലേ; മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സോളാർ കേസ്സിലെ XXXX അല്ലേ എന്നാണ് അവർ ചോദിച്ചിട്ടുള്ളത്. അങ്ങനെ രണ്ടുകൂട്ടരുടെയും അഴിമതി പാർലമെന്റിൽ നിന്നുയരുന്നു. കേരളത്തിൽ നിന്നുയരുന്നു. ഈ യാഥാർത്ഥ്യം നിലനിൽക്കെ, ധനകാര്യബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട

+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

കെ. എം. മാണിക്ക് എന്താണ് അവകാശം എന്നാണ് ഞാൻ ചോദിക്കുന്നത്. അതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങളെല്ലാം സഭയിൽ കുത്തിയിരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റ് സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്നുകൊണ്ട് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നു.)

മി. സ്പീക്കർ: മുഖ്യമന്ത്രിയെപ്പറ്റി പറഞ്ഞ ഭാഗം രേഖയിൽനിന്നും നീക്കം ചെയ്തു. .....(ബഹളം).......ധനകാര്യബില്ലാണ്. പറയുന്നത് ശ്രദ്ധിക്കു... ശ്രീ. വി. എസ്. സുനിൽകുമാർ....പറയുന്നത് ശ്രദ്ധിക്കു.....ധനകാര്യബില്ലാണ്. ചെയറിന് ആ ബിൽ എടുക്കാതിരിക്കാൻ പറ്റില്ല. നിങ്ങൾ ദയവായി സീറ്റിലേക്ക് മടങ്ങിപ്പോകണം.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## (2) 2015-ലെ കേരള ധനകാര്യബിൽ, 2015-ലെ കേരള ധനകാര്യ (2- ാം ) നമ്പർ ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് 2015-ലെ കേരള ധനകാര്യബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും 2015-ലെ കേരള ധനകാര്യ (2-ാം ) നമ്പർ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനകാര്യബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും 2015-ലെ കേരള ധനകാര്യ

(2-ാം ) നമ്പർ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, സംസാരിക്കുന്നില്ല. ഈ അഴിമതിയൊക്കെ നടത്തിയത് അരുൺ ആണ്. അരുൺ.....(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ.പി. അബ്ദുള്ളക്കുട്ടി, അങ്ങേയ്ക്ക് 2015-ലെ കേരള ധനകാര്യ ബില്ലിന്റെ 1(എ)ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, not in the seat.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 2015-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(b) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഐ.സി. ബാലകൃഷ്ണൻ, അങ്ങേയ്ക്ക് 2015-ലെ ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെ 1(എ)ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. ശ്രീ.

ഐ. സി. ബാലകൃഷ്ണൻ, not in the seat.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, 2015-ലെ കേരള ധനകാര്യ (2- ാം ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(b) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ചർച്ച**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും സാമൂഹ്യക്ഷേമവികസനങ്ങൾക്കും ഏറ്റവും പ്രയോജനകരമാകുന്ന രീതിയിൽ കേരളത്തിന്റെ ധനകാര്യമാനേജ്മെന്റ് ആസൂത്രിതമായി കൊണ്ടുപോകുന്ന ധനകാര്യവകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. 'വികസനവും കരുതലും' എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ പാവപ്പെട്ടവരെയും സാധാരണക്കാരെയും സഹായിക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും കേരളീയസമൂഹം ഇന്ന് അത്യാഹ്ലാദപൂർവ്വം സ്വീകരിച്ചുവരികയാണ്. നമ്മുടെ

സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാവസ്ഥ പൂർണ്ണമായും ബോധ്യപ്പെടുന്ന രീതിയാണ് ഇന്നുള്ളത്. പ്രതിപക്ഷ എം.എൽ.എ.മാർ ഉൾപ്പെടെ മുഖ്യമന്ത്രിയടക്കമുള്ള ആളുകളുടെ അടുത്തുവന്ന് ചികിൽസാസഹായം, വികസനകാര്യങ്ങൾ എന്നിവ വാങ്ങിക്കൊണ്ടുപോകുന്നതും എം.എൽ.എ.മാർക്ക് വേണ്ടിയുള്ള ഒരുകോടിരൂപയുടെ ആസ്തിവികസനഫണ്ടും അതുപോലെതന്നെ എം.എൽ.എ. ഫണ്ടുമൊക്കെ വാങ്ങി ഈ പ്രതിപക്ഷ എം.എൽ.എ.മാർ ധനകാര്യ ബില്ലിന്റേയും ധനകാര്യവകുപ്പിന്റേയും ആനുകൂല്യം പറ്റുന്നവരാണെന്നുള്ള കാര്യം മറക്കാതിരിക്കുക എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പാടിപ്പഴകിയ അഴിമതിയാരോപണങ്ങൾ ജനപിന്തുണ നഷ്ടപ്പെട്ട പ്രതിപക്ഷത്തിന് ഭൂഷണമായിരിക്കാം. പക്ഷേ കേരളത്തിലെ ജനങ്ങൾ അവരുടെ പാപ്പരത്വം ശരിയായ രീതിയിൽ മനസ്സിലാക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ നാലുവർഷക്കാലം തുടർച്ചയായി അഖിലേന്ത്യാതലത്തിൽ വളർച്ചാനിരക്കിൽ ഏറ്റവും മുൻപന്തിയിൽ നമ്മുടെ സംസ്ഥാനത്തെ കൊണ്ടുവരാൻ കഴിഞ്ഞ നല്ല ധനകാര്യമാനേജ്മെന്റ് നടത്തുന്ന ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ പ്രത്യേകമായി ഞാൻ ഈ

അവസരത്തിൽ അഭിനന്ദിക്കുകയാണ്. ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങൾ അംഗീകരിച്ചുവെന്നതാണ് അരുവിക്കരയിലെ പാഠം തെളിയിക്കുന്നത്. ഇവിടെ വളരെ നഗ്നമായി, ബി.ജെ.പി.യെ വളർത്തുന്നതരത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ന്യൂനപക്ഷപ്രീണനം നടത്തുന്നുവെന്ന് പ്രത്യേകമായി പറഞ്ഞ് ഭൂരിപക്ഷവർഗ്ഗീയത താലോലിക്കുന്നതിനുവേണ്ടി പ്രതിപക്ഷം നടത്തുന്ന ശ്രമങ്ങൾ അത്യന്തം അപലപനീയമാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ബില്ലിനെ ഞാൻ പിന്തുണക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനകാര്യബിൽ, കേരള ധനകാര്യ (2-ാം ) നമ്പർ ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 2015-ലെ കേരള ധനകാര്യ ബില്ലിലെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 2015-ലെ കേരള

ധനകാര്യ (2- ാം )ബില്ലിലെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള ധനകാര്യബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെയും 2015-ലെ കേരള ധനകാര്യ (2-ാം ) നമ്പർ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെയും

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയങ്ങൾ സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.......... ഓർഡർ…... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 23-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.48-ന് പിരിഞ്ഞു.)

************